**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 495** **23-06-2026-ൽ മറുപടിയ്ക്ക്**

# <u>കൊണ്ടോട്ടിയിൽ 33 കെ. വി. സബ്സ്റ്റേഷൻ</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കൊണ്ടോട്ടിയിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കൊണ്ടോട്ടി മണ്ഡലത്തിലെ കൊണ്ടോട്ടി നഗരസഭാ പരിധിയിലും സമീപ പ്രദേശങ്ങളിലുമുള്ള വൈദ്യുത ആവശ്യകത നിറവേറ്റുന്നതിന് കൊണ്ടോട്ടി നഗര കേന്ദ്രത്തിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഡിപിആർ-ന് അംഗീകാരവും, പദ്ധതിക്ക് ഭരണാനുമതിയും, സാങ്കേതികാനുമതിയും കെ.എസ്.ഇ.ബി.എൽ നൽകിയിട്ടുണ്ട്.

പ്രസ്തുത സബ്സ്റ്റേഷനുവേണ്ടി സ്ഥലം പാട്ട വ്യവസ്ഥയിൽ നൽകാൻ തയ്യാറാണെന്ന് കൊണ്ടോട്ടി മുനിസിപ്പാലിറ്റി കെ.എസ്.ഇ.ബി.എൽ.-നെ അറിയിച്ചു. നിലവിൽ പാട്ടം നൽകുന്നതിന് അനുമതിക്കായി; പ്രിൻസിപ്പൽ ഡയറക്ടർക്ക് (തദ്ദേശ സ്വയംഭരണ വകുപ്പ്) മുനിസിപ്പാലിറ്റിയിൽ നിന്ന് രേഖകൾ സമർപ്പിച്ചിട്ടുണ്ടെന്ന് കെ.എസ്.ഇ ബി എൽ അറിയിച്ചിട്ടുണ്ട്. പാട്ടത്തിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ പൂർത്തീകരിച്ച് സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

**(ബി)** അവിടെ പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പാട്ടത്തിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ പൂർത്തീകരിച്ച് സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയും.

**സെക്ഷൻ ഓഫീസർ**